# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2673 13.03.2020 ൽ മറുപടിക്ക്

### തൃപ്പൂണിത്തുറ മണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗം മുഖേന നടത്തിവരുന്ന പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.സ്വരാജ് | ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ മണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗം മുഖേന എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയെന്നും എന്തെല്ലാം പ്രവൃത്തികൾ നടത്തിവരുന്നു എന്നും എന്തെല്ലാം പ്രവൃത്തികൾ ആരംഭിക്കുന്നതിനായുള്ള നടപടികളിലാണെന്നുമുള്ള വിശദാംശം വർഷം തിരിച്ച് അറിയിക്കുമോ? | തൃപ്പൂണിത്തുറ മണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗം മുഖേന നടപ്പിലാക്കിയതും നടന്നുവരുന്നതും, ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതുമായ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു . |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### നടപ്പിലാക്കിയ പ്രവൃത്തികൾ

| ക്രമ നം | പ്രവൃത്തിയുടെ പേര് | ആരംഭിച്ച തീയതി | പൂർത്തീകരിച്ച തീയതി |
|---|---|---|---|
| 1 | നെട്ടൂർ - കുണ്ടന്നൂർ സമാന്തര പാലം | 25.09.2013 | 30.06.2019 |
| 2 | കണ്ണങ്ങാട്ട് - വില്ലിംഗ്ടൻ ഐലൻഡ് പാലം | 10.10.2014 | 30.09.2018 |
| 3 | ഇരുമ്പു പാലം പുനർ നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി | 12.04.2018 | 05.05.2018 |
| 4 | തൃപ്പൂണിത്തുറ വെജിറ്റബിൾ മാർക്കറ്റ് റോഡിലുള്ള അന്ധകാരത്തോട് പാലം പുനർനിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി | 23.09.2019 | 29.11.2019 |

### നടത്തി വരുന്ന പ്രവൃത്തികൾ

| ക്രമ നം | പ്രവൃത്തിയുടെ പേര് | ആരംഭിച്ച തീയതി | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ഉദയംപേരൂർ ആമ്പല്ലൂർ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് കോണോത്തു പുഴയ്ക്ക് കുറുകെയുള്ള മറ്റത്താംകടവ് പാലം നിർമ്മാണം | 27.01.2012 | അപ്രോച്ച് റോഡിന്റെ ടാറിംഗും പാലത്തിന്റെ wearing coat ഒഴികെയുള്ള പ്രവൃത്തികളും പൂർത്തീകരിച്ചു. |
| 2 | ഇടപ്പള്ളി തോടിനു കുറുകെയുള്ള ഇുതിയൂർ പാലം നിർമ്മാണത്തിനുള്ള അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി | 18.01.2020 | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിക്കുന്നു. |

### ആരംഭിക്കുന്നതിനായുള്ള നടപടികളിലുള്ള പാലങ്ങൾ

| ക്രമ നം | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | ഇരുമ്പു പാലം പുനർനിർമ്മാണം | 2900 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ പൊമവ-ഡി1/478/2019/ പൊമവ ഫയൽ പ്രകാരം പരിശോധിച്ചു വരുന്നു . |
| 2 | തൃപ്പൂണിത്തുറ വെജിറ്റബിൾ മാർക്കറ്റ് റോഡിലുള്ള അന്ധകാരത്തോട് പാലം | പുനർനിർമ്മാണത്തിനായി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

| | | |
|---|---|---|
| 3 | കിഫ്ബി 2016-17 കുമ്പളം - തേവര പാലത്തിന്റെ നിർമ്മാണം | സ്ഥലമേറ്റെടുക്കൽ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. 31.10.2016 ഭരണാനുമതിയും 12.11.2018-ൽ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. |
| 4 | കലയത്തൊട്ടിൽ പാലത്തിന്റെ നിർമ്മാണം | മണ്ണ് പരിശോധന പൂർത്തിയാക്കി. പ്രാഥമിക ഡിസൈൻ ലഭിച്ചിട്ടുണ്ട്. അന്തിമ ഡിസൈൻ തയ്യാറാക്കുന്നതിനായി സാധ്യതാ പഠനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ